## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3507

30-01-2014ലെ മറുപടിയ്ക്ക്

### പൊതുഭരണ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമനം

ചോദ്യം
ശ്രീ. ബി. സത്യൻ

ഉത്തരം
ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

(എ) 05.07.1967-ലെ ജി.ഒ. (പി) നം.208 നമ്പർ ഉത്തരവിലെ റൂൾ 5A (a),(b) എന്നിവ 28.02.2011-ലെ ജി.ഒ. (പി). നം. 65/2011/ ജി.എ.ഡി. നമ്പർ ഉത്തരവിൽ ഒഴിവാക്കിയിട്ടുണ്ടോ; ഇപ്പോൾ പഴയ റൂൾ പ്രകാരമാണോ പൊതുഭരണ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും തസ്തിക മാറ്റം വഴി അസിസ്റ്റന്റായി നിയമനം നൽകുന്നത് വിശദമാക്കുമോ;

(ബി) 28.2.2011-ലെ ജി.ഒ. (പി). നം.65/2011/ ജി.എ.ഡി നമ്പർ ഉത്തരവിന് ശേഷം പൊതുഭരണ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും തസ്തിക മാറ്റം വഴി അസിസ്റ്റന്റായി നിയമനം മാറുന്നതിന് അസിസ്റ്റന്റ് കേഡർ സ്ട്രെങ്തിന്റെ 20 ശതമാനത്തിന്റെ മൂന്നിൽ രണ്ട് ഒഴിവിലേയ്ക്കാണോ തസ്തിക മാറ്റ നിയമനം നൽകുന്നത് ; ഇതു സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ ;

(സി) 25.03.2006-ന് ശേഷം പൊതുഭരണ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ടൈപ്പിസ്റ്റുമാർക്ക് 17.03.2007 ലെ ജി.ഒ. (പി). നം.199/2007/ ജി.എ.ഡി നമ്പർ ഉത്തരവ് പ്രകാരം തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമനത്തിന് നീക്കി വച്ചിട്ടുള്ള ഒഴിവുകളുടെ എണ്ണം എത്രയാണ്;

(എ) (ബി) & (സി)

05.07.1967-ലെ ജി.ഒ.(പി).208 നമ്പറായി പ്രസിദ്ധീകരിച്ച കേരളാ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ 28.2.2011-ലെ ജി.ഒ. (പി). നം.65/11/പൊഭവ നം. ഉത്തരവു പ്രകാരം (എസ്.ആർ.ഒ. നം. 188/2011) വരുത്തിയ ഭേദഗതിയിലൂടെ, പ്രസ്തുത സ്പെഷ്യൽ റൂൾസിലെ 5 A (a), (b) എന്നീ ചട്ടങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. 25.03.2006-ലെ ജി.ഒ. (പി). നം.145/06/ഫിൻ നം. ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് ഗ്രേഡ്-II, അസിസ്റ്റന്റ് ഗ്രേഡ് I എന്നീ തസ്തികകൾ സംയോജിപ്പിച്ച് അസിസ്റ്റന്റ് എന്നാക്കിയതിനെ തുടർന്നാണിത്. ഇക്കാരണത്താൽ പൊതുഭരണ വകുപ്പിൽ 25.03.2006 ന് മുൻപും പിൻപും ജോലിയിൽ പ്രവേശിച്ച ടൈപ്പിസ്റ്റ് /സി.എ. മാർക്ക് തസ്തികമാറ്റത്തിന് വ്യത്യസ്ത നിയമങ്ങളാണ്. അതനുസരിച്ച് 25.03.06 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ടൈപ്പിസ്റ്റ് /സി.എ. മാർക്ക് അസിസ്റ്റന്റിൽ ഒഴിവു വരുന്ന ഓരോ ആറാമത്തെ ഒഴിവിലും 1:1 എന്ന അനുപാതത്തിൽ അസിസ്റ്റന്റായി തസ്തികമാറ്റത്തിലൂടെ നിയമനം നൽകി വരുന്നു. എന്നാൽ 25.03.2006 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച ടൈപ്പിസ്റ്റുമാർക്ക് തസ്തികമാറ്റം നല്കുന്നത് 17.03.2007 ലെ GO (P)/199/07/GAD നം. ഉത്തരവ് പ്രകാരമാണ്. ഈ ഉത്തരവനുസരിച്ച് അസിസ്റ്റന്റ് കേഡർ സ്ട്രെങ്തിന്റെ ഇരുപത് ശതമാനമാണ്

.....2

സി.എ. മാരുടെയും, ടൈപ്പിസ്റ്റുമാരുടെയും തസ്തികമാറ്റത്തിനായി നീക്കി വയ്ക്കേണ്ടത്. 25.03.2006 ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ടൈപ്പിസ്റ്റുമാരിൽ ചിലർ തസ്തികമാറ്റത്തിലൂടെ അസിസ്റ്റന്റായി മാറാനുള്ളവരുടെ ലിസ്റ്റിൽ ഇപ്പോഴും ഉള്ളതിനാൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് മുഴുവൻ നിയമനം നൽകിയശേഷമേ 25.03.2006-ന് ശേഷം സർവ്വീസിൽ വന്നവർക്ക് നിയമനം നൽകാൻ കഴിയൂ. മേൽ പ്രസ്താവിച്ച ഉത്തരവ് പ്രകാരം ഏകദേശം 75 അസിസ്റ്റന്റ് തസ്തികകൾ 2:1 എന്ന അനുപാതത്തിൽ ടൈപ്പിസ്റ്റുമാർക്കും സി.എ. മാർക്കുമായി നീക്കിവയ്ക്കേണ്ടിവരും.

(ഡി) 24.03.2011 മുതൽ 31.12.2013 വരെ പൊതുഭരണ സെക്രട്ടേറിയറ്റിൽ പി.എസ്.സി. മുഖേനയല്ലാതെ അസിസ്റ്റന്റ് ജോലിയിൽ പ്രവേശിച്ചവരുടെ പേരും, ജനന തീയതിയും, നിയമനരീതിയും (തസ്തികമാറ്റം, സി.ഇ.എസ്., ഐ.ഡി.റ്റി, ഐ.ഡി.എം.റ്റി, സ്പോർട്സ് തുടങ്ങിയവ) ഉത്തരവ് തീയതിയും പ്രവേശന തീയതിയും സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ ;

ഡി) അനുബന്ധം 1 (a),(b) എന്നിവ ഉള്ളടക്കം ചെയ്തിരിക്കുന്നു.

(ഇ) പൊതുഭരണ (സർവ്വീസസ്-എ) വകുപ്പിന്റെ 59116/എസ്.എ1 /2013/പൊ.ഭ.വ. നമ്പർ ഫയലിൻമേൽ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ഇ) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No.1986/13 ലെ ഉത്തരവാണ് 59116/SA1/13/GAD നം. ഫയലിൽ പരിശോധിച്ച് വരുന്നത്. ട്രൈബ്യൂണൽ നിരദ്ദേശമനുസരിച്ച് പരാതിക്കാരെ സർക്കാർ 07.12.2013 തീയതിയിൽ നേരിൽ കേൾക്കുകയുണ്ടായി. ഇതിന്മേലുള്ള തീരുമാനം നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ കൈക്കൊള്ളുന്നതുമാണ്.

(എഫ്) 13.01.2007 മുതൽ 31.12.2013 വരെ പൊതുഭരണ വകുപ്പ് മുഖേനയും, ഐ.ഡി.റ്റി. മുഖേനയും, ഐ.ഡി.എം.റ്റി. മുഖേനയും അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ചവരുടെ പേരും ഉത്തരവ് നമ്പരും വേർതിരിച്ച് വ്യക്തമാക്കാമോ?

എഫ്) പൊതുഭരണ വകുപ്പ് മുഖേന അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തുന്നില്ല. ഐ.ഡി.റ്റി., ഐ.ഡി.എം.റ്റി മുഖേന ജോലിയിൽ പ്രവേശിച്ചവരുടെ ലിസ്റ്റ് അനുബന്ധം 2 (a), (b) ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ